നട തുറന്നു; മണർകാട് പള്ളിയിലേക്ക് വിശ്വാസികളുടെ പ്രവാഹം

മണർകാട്: മരിയൻ തീർഥാടന കേന്ദ്രമായ മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ വിശ്വാസിസമൂഹം ഭക്തിയോടെ കാത്തിരുന്ന നടതുറക്കൽ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നടന്നു. എട്ടുനോമ്പ് പെരുന്നാളിന്റെ ഏഴാം ദിനമായ ഇന്നലെ ഉച്ചനമസ്കാരത്തിനു ശേഷമാണു ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും ഛായാചിത്രം വിശ്വാസികൾക്ക് വണക്കത്തിനായി തുറന്നുനൽകിയത്.

വിശുദ്ധ കുർബാനയ്ക്കും ഉച്ചനമസ്കാരത്തിനും ശേഷം നടന്ന നടതുറക്കൽ ശുശ്രൂഷ യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ ബസേലിയോസ് ജോസഫ് ബാവായുടെ പ്രധാന കാർമികത്വത്തിലും തിരുവനന്തപുരം മേഖലാ മെത്രാപ്പോലീത്തയും യൂറോപ്പ് പാത്രിയാർക്കൽ വികാരിയും എംഎസ്ഒടി സെമിനാരി റസിഡന്റ് മെത്രാപ്പോലീത്തയുമായ ഡോ. കുര്യാക്കോസ് മാർ തെയോഫിലോസിന്റെ സഹകാർമികത്വത്തിലുമായിരുന്നു.

ജനനപ്പെരുന്നാൾ ദിനമായ ഇന്നു വിശുദ്ധ മുന്നിന്മേൽ കുർബാനയ്ക്ക് മൈലാപ്പൂർ ഭദ്രാസനാധിപൻ ഐസക് മാർ ഒസ്താത്തിയോസ് മുഖ്യകാർമികത്വം വഹിക്കും. തുടർന്ന് കരോട്ടെ പള്ളി ചുറ്റിയുള്ള പ്രദക്ഷിണവും ആശീർവാദവും നടക്കും. വൈകുന്നേരം മൂന്നിന് നടക്കുന്ന നേർച്ചവിളമ്പോടെ പെരുന്നാൾ ചടങ്ങുകൾ സമാപിക്കും. സ്ലീബാ പെരുന്നാൾ ദിനമായ 14ന് വരെ വിശ്വാസികൾക്ക് ഛായാചിത്രം വണങ്ങാൻ സൗകര്യമുണ്ട്.

വൈക്കം ചെമ്പ് മുറിഞ്ഞപുഴ പാലത്തിന് സമീപം ചെമ്പിലരയൻ ബോട്ട് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പത്മഭൂഷൻ ഭരത് മമ്മൂട്ടിയുടെ 75ാം പിറന്നാൾ ഇന്ത്യൻ വോളിബോൾ മുൻ ക്യാപ്റ്റനും കസ്റ്റംസ് ഉദ്യോഗസ്ഥനുമായ എസ്ഐ മധു ഭരത് മമ്മൂട്ടിയുടെ ചിത്രം ആലേഖനം ചെയ്ത പിറന്നാൾ കേക്ക് മുറിച്ച് ആഹ്ലാദം പങ്കിടുന്നു.

മമ്മൂട്ടിയുടെ ജന്മനാട്ടിൽ പിറന്നാൾ മധുരം പങ്കിട്ട് സുഹൃത്തുക്കളും നാട്ടുകാരും

വൈക്കം: പത്മഭൂഷൻ ഭരത് മമ്മൂട്ടിയുടെ 75ാം പിറന്നാൾ മധുരം പങ്കിട്ട് ജന്മനാടായ വൈക്കം ചെമ്പ് മുറിഞ്ഞപുഴയിലെ സുഹൃത്തുക്കളും ആരാധകരും. ചെമ്പ് മുറിഞ്ഞപുഴ പാലത്തിന് സമീപം ചെമ്പിലരയൻ ബോട്ട് ക്ലബ്ബാണ് പ്രിയ നടന്റെ പിറന്നാൾ നാടിന്റെയാകെ ആഘോഷമായി കൊണ്ടാടിയത്. മമ്മൂട്ടി നായകനായി അഭിനയിച്ച ജോഷിയുടെ കൗരവർ എന്ന ചിത്രത്തിലെ മുത്തുമണി തൂവൽ തരാം... എന്നഗാനം ആലപിച്ചതോടെയാണ് ആഘോഷ പരിപാടി ആരംഭിച്ചത്. തുടർന്ന് ചെമ്പിലരയൻ ബോട്ട് ക്ലബ് പ്രസിഡന്റ് എസ്.ഡി. സുരേഷ് ബാബുവിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഇന്ത്യൻ വോളിബോൾ മുൻ ക്യാപ്റ്റനും കസ്റ്റംസ് ഉദ്യോഗസ്ഥനുമായ എസ്ഐ മധു മമ്മൂട്ടിയുടെ ചിത്രം ആലേഖനം ചെയ്ത കേക്ക് മുറിച്ച് നൽകി ആഹ്ലാദം പങ്കിട്ടു. സിബിസി സെക്രട്ടറി കെ.കെ. രമേശൻ, ട്രഷറർ കെ.എസ്. രത്നാകരൻ, ജില്ലാ പഞ്ചായത്ത് അംഗം എം.കെ. രാജേഷ്, സംസ്ഥാന നാടക അവാർഡ് ജേതാവ് പ്രദീപ് മാളവിക, മനോജ് ഡിസൈൻ തുടങ്ങിയവർ പങ്കെടുത്തു.

കൂർഗിലെ വീട്ടിൽ ഇമ്മാനുവൽ തോമസ് രാമപുരം കുടുംബാംഗങ്ങൾക്കൊപ്പം.

കുടകിൽ നൂറ്റാണ്ട് പിന്നിട്ട് രാമപുരം ബ്രദേഴ്സ്

ഇരിട്ടി: പാലാ മീനച്ചിലിൽനിന്ന് രാമപുരം കുടുംബം കുടകിൽ വേരുറപ്പിച്ചിട്ട് ഇന്നേക്ക് ഒരു നൂറ്റാണ്ട്. 1926 സെപ്റ്റംബർ എട്ടിന് കുടുംബത്തിലെ ഒരു പൂർവികൻ കുടകിലെത്തി ആരംഭിച്ച കാപ്പി, കുരുമുളക് എസ്റ്റേറ്റിലൂടെ വളർന്ന ബിസിനസ് ഇന്ന് ടൂറിസം രംഗത്തേക്കും വ്യാപിച്ചു. കുടുംബത്തിന്റെ കുടിയേറ്റ ശതാബ്ദി നാടിനോടുള്ള ബന്ധത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും തുടർച്ചയായാണ് ആഘോഷിക്കുന്നതെന്ന് കുടുംബാംഗങ്ങൾ പത്രസമ്മേളനത്തിൽ പറഞ്ഞു.

ബ്രിട്ടീഷ് ഭരണകാലത്ത് കുടകിൽ സ്വന്തമാക്കിയ തോട്ടങ്ങളും ഭൂമിയുമായിരുന്നു കുടുംബത്തിന്റെ വളർച്ചയുടെ അടിത്തറ. ഏഴ് സഹോദരങ്ങളുടെ കൂട്ടായ്മയായ 'സെവൻ ബ്രദേഴ്സ്' തോട്ടങ്ങളുടെ വികസനത്തിലും കുടുംബസ്വത്ത് സംരക്ഷിക്കുന്നതിലും പ്രധാന പങ്കുവഹിച്ചു.

തലമുറകൾ മാറിയെങ്കിലും അധ്വാനം, സത്യസന്ധത, കുടുംബ ഐക്യം തുടങ്ങിയ മൂല്യങ്ങൾ ഇന്നും അടിസ്ഥാനമാക്കിയാണ് തങ്ങളുടെ പിന്തുടർച്ചയെന്ന് കുടുംബത്തിലെ മുതിർന്നയംഗവും രാമപുരം ഹോൾഡേഴ്സ് ചെയർമാനും ഇവോൾവ് ബാക്ക് റിസോർട്സ് ഡയറക്ടറുമായ ഇമ്മാനുവൽ തോമസ് പറഞ്ഞു.

കുടകിൽ താമസിച്ച നൂറു വർഷം മാത്രമല്ല, കുടകിന്റെ ജീവിതത്തിന്റെ ഭാഗമായി മാറിയ നൂറു വർഷമാണിതെന്ന് ഇമ്മാനുവൽ തോമസും കുടുംബ പ്രതിനിധികളും പറഞ്ഞു. പത്രസമ്മേളനത്തിൽ രാമപുരം കുടുംബ കൂട്ടായ്മയുടെ പ്രതിനിധികളായ ഷീല ഇമ്മാനുവൽ, ചെറിയാൻ, ഡോ. ജോൺ എന്നിവരും പങ്കെടുത്തു.

കീർത്തി നേടി കീർത്തന

കടുത്തുരുത്തി: തിരുവനന്തപുരത്ത് നടന്ന 23 -ാമത് സംസ്ഥാന എംറ്റിബി സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ അണ്ടർ 18 പെൺകുട്ടികളുടെ വിഭാഗത്തിൽ ടൈം ട്രയിൽ, മാസ് സ്റ്റാർട്ട് ഇനങ്ങളിൽ സ്വർണ മെഡൽ നേടി മാൻവെട്ടം സ്വദേശിനി കീർത്തന തെരേസ് നാടിന് അഭിമാനമായി. മാന്നാനം കെഇ സ്കൂളിലെ പ്ലസ് ടു വിദ്യാർഥിനിയാണ്. ഏഷ്യൻ എംടിബി ചാമ്പ്യൻഷിപ്പിനുള്ള ദേശീയ സെലക്ഷൻ ട്രയൽസിൽ മൂന്നാം സ്ഥാനം നേടി കീർത്തന ഇന്ത്യൻ ടീമിലിടം പിടിച്ചിരുന്നു.

ഉസ്ബെക്കിസ്ഥാനിലെ താഷ്ക്കന്റിൽ നടന്ന ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ടീമിലെ ഏക മലയാളിയായിരുന്നു കീർത്തന. ഓൺലൈനായാണ് പരിശീലനം. കീർത്തനയുടെ സൈക്കിൾ മൊബൈൽ ആപ്പുമായി കണക്കൂഡാണ്. ബംഗളൂരുവിലുള്ള പരിശീലകൻ ദിവസവും നിർദേശങ്ങൾ നൽകും. ശനി, ഞായർ ദിവസങ്ങളിൽ മാൻവെട്ടം മുതൽ ഏതാണ്ട് 110 കിലോമീറ്റർ ദൂരം റോഡിൽ പരിശീലനം നടത്തും. ദിവസവും തുടർച്ചയായി അഞ്ച് മണിക്കൂർ നീളുന്നതാണ് പരിശീലനം.

അത്‌ലറ്റിക്സിൽ തുടങ്ങിയ കീർത്തന പിതാവും സുഹൃത്തുക്കളും ചേർന്ന് മാൻവെട്ടം സൈക്കിൾ ക്ലബ് ആരംഭിച്ചതോടെ കളംമാറ്റി. അമ്മ സുമവും മാൻവെട്ടം സൈക്കിൾ കൂട്ടായ്മയിലെ അംഗങ്ങളും പിന്തുണയുമായി ഒപ്പം ചേർന്നു. സഹോദരങ്ങളായ ശ്രേയയും തേജസും കീർത്തനയ്ക്കു മികച്ച പിന്തുണ നൽകുന്നുണ്ട്. ഇവരും സ്പോർട്സിന്റെ വഴിയിലാണ്.

സൗജന്യ പിഎസ്സി പരിശീലനം

കോട്ടയം: പിഎസ്സി പരീക്ഷകൾക്ക് തയാറെടുക്കുന്ന പ്ലസ് ടു വിജയിച്ചവർക്ക് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിലുള്ള സൗജന്യ മത്സര പരീക്ഷാ പരിശീലനപരിപാടിയിലേക്ക് 15 വരെ അപേക്ഷിക്കാം. എംജി സർവകലാശാല കാമ്പസിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിലാണ് ക്ലാസുകൾ. 0481-2731025,0481-2560413.

കോൾസെന്ററിൽ വിളിക്കാം

കോട്ടയം: റബർ വിളവെടുപ്പിന്റെ ചെലവ് കുറയ്ക്കാനും മരങ്ങളുടെ ആയുസ് കൂട്ടാനും സഹായിക്കുന്ന ടാപ്പിംഗ് രീതികളെക്കുറിച്ചറിയാൻ നാളെ രാവിലെ 10 മുതൽ ഒന്നു വരെ റബർബോർഡ് കോൾസെന്ററിൽ വിളിക്കാം. കോൾസെന്റർ നമ്പർ 0481 2576622.

ലഹരിക്കെതിരേ പൊലിസ് മാരത്തൺ

കോട്ടയത്ത് ആവേശോജ്വല സ്വീകരണം

കോട്ടയം: യേസ് ടു സ്പോർട്സ്, നോ ടു ഡ്രഗ്സ് എന്ന മുദ്രാവാക്യമുയർത്തി 47-ാമത് സംസ്ഥാന പൊലിസ് കായികമേളയുടെ മുന്നോടിയായി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ കേരള പൊലിസ് സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ മാരത്തണ് കോട്ടയത്ത് ആവേശോജ്വല സ്വീകരണം നൽകി.

ജില്ലാ അതിർത്തിയിൽ സ്വീകരിച്ച ദീപശിഖാ പ്രയാണത്തിന് വൈക്കത്തും ഉജ്വല സ്വീകരണം സംഘടിപ്പിച്ചു. മന്ത്രി മോൻസ് ജോസഫ്, ചാണ്ടി ഉമ്മൻ എംഎൽഎ തുടങ്ങിയവർ പങ്കെടുത്തു.

കോട്ടയത്ത് എത്തിയ ദീപശിഖയെ ജില്ലാ പൊലിസ് ചീഫ് കെ.എം. സാബു മാത്യു സ്വീകരിച്ച് പോലീസ് പരേഡ് ഗ്രൗണ്ടിൽ നിന്നും തിരുനക്കര ക്ഷേത്ര മൈതാനം വരെ ജില്ലാ പോലീസ് മാരത്തൺ സംഘടിപ്പിച്ചു. വിവിധ വിഭാഗങ്ങളിലുള്ള കായികതാരങ്ങളും യുവജനങ്ങളും പൊതുജനങ്ങളും ഉൾപ്പടെ നിരവധി പേർ പങ്കാളികളായി.

ജില്ലാ കളക്ടർ ചേതൻകുമാർ മീണ മാരത്തൺ ഫ്ലാഗ് ഓഫ് ചെയ്തു. തുടർന്ന് തിരുനക്കര ശിവശക്തി ഓഡിറ്റോറിയത്തിൽ നടന്ന സമാപന സമ്മേളനത്തിൽ പ്രമുഖ വ്യക്തികൾ പങ്കെടുത്തു. ദ്രോണാചാര്യ പുരസ്കാര ജേതാവ് കെ. പി. തോമസ് മാഷ് ദീപശിഖ ഏറ്റുവാങ്ങി.

നാട്ടകം സുരേഷ് എംഎൽഎ അധ്യക്ഷത വഹിച്ചു. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ലഹരിവിരുദ്ധ സന്ദേശം നൽകി. സംവിധായകൻ രഞ്ജി പണിക്കർ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

എംഎൽഎമാരായ മാണി സി. കാപ്പൻ, റോണി കെ. ബേബി, സജി ജോസഫ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോഷി ഫിലിപ്പ്, കോട്ടയം മുനിസിപ്പൽ ചെയർമാൻ എം.പി. സന്തോഷ്കുമാർ, സംവിധായകൻ ജയരാജ്, ജോഷി മാത്യു, ശരത് ദാസ്, ആർട്ടിസ്റ്റ് സുജാതൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. സിതാര എന്നിവർ പങ്കെടുത്തു. ചങ്ങനാശേരിയിലും ദീപശിഖാ യാത്രയ്ക്ക് സ്വീകരണം നൽകി.

247-ാമത് സംസ്ഥാന പൊലിസ് കായികമേളയ്ക്കു മുന്നോടിയായി സംഘടിപ്പിച്ച ദീപശിഖാ പ്രയാണത്തിന് കോട്ടയത്തു നൽകിയ സ്വീകരണത്തോടനുബന്ധിച്ചു തിരുനക്കരയിലേക്കു നടത്തിയ മാരത്തൺ കോട്ടയം പൊലിസ് പരേഡ് ഗ്രൗണ്ടിൽ ജില്ലാ കളക്ടർ ചേതൻകുമാർ മീണ ഫ്ളാഗ് ഓഫ് ചെയ്യുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പവർ ബ്രിഗേഡ് ടീച്ചർ എംപവർമെന്റ് പ്രോഗ്രാമിന്റെ സംസ്ഥാനതല ഉദ്ഘാടനം പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മന്ത്രി മോൻസ് ജോസഫ് നിർവഹിക്കുന്നു.

പവർ ബ്രിഗേഡ് ടീച്ചർ എംപവർമെന്റ് പ്രോഗ്രാം

പാലാ: പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസലിംഗ് സെൽ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിക്കുന്ന പവർബ്രിഗേഡ് ടീച്ചർ എംപവർമെന്റ് പ്രോഗ്രാമിന്റെ സംസ്ഥാനത്തെ പ്രഥമ സമ്മേളനം പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു. മന്ത്രി മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു.

വിദ്യാർഥികളുടെ സമഗ്ര വിദ്യാഭ്യാസ പുരോഗതിക്ക് ഉപകരിക്കുന്ന വിധത്തിലുള്ള അഞ്ചിന കർമപരിപാടികളാണ് പവർ ബ്രിഗേഡ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പത്ത് വിദ്യാലയങ്ങളെ ഉൾപ്പെടുത്തി പതിനാലു ജില്ലകളിലായി 140 വിദ്യാലയങ്ങളാണ് സംസ്ഥാനത്തൊട്ടാകെ ഈ പദ്ധതിയിലേക്ക് ആദ്യഘട്ടമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്കു വേണ്ടിയുള്ള പരിശീലന പരിപാടിയാണ് പാലായിൽ നടത്തിയത്. വിദ്യാർഥികൾ തന്നെ പദ്ധതികൾക്ക് രൂപം കൊടുക്കുകയും സ്വന്തം പരിശ്രമത്തിലൂടെ അതെല്ലാം നടപ്പിലാക്കുകയും പദ്ധതിയുടെ പ്രവർത്തന വിജയം സ്വമേധയാ വിലയിരുത്തുകയും ചെയ്യുന്ന പുതിയ പഠന രീതിയാണ് പവർ ബ്രിഗേഡ് പ്രോഗ്രാമിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുള്ളത്.

പാലാ മുനിസിപ്പൽ ചെയർപേഴ്സൺ മായാ രാഹുൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സംസ്ഥാന ഫാക്കൽറ്റി അംഗങ്ങളായ ഡോ. അജിത്ത് ആർ. പിള്ള, ഡോ. സന്ധ്യ വി. എസ്, റീജണൽ ഡെപ്യൂട്ടി ഡയറക്ടർ വി.എ. ബോബൻ,

കോട്ടയം എജുക്കേഷണൽ ഡിസ്ട്രിക്ട് കൺവീനർ ഷൈനി കുര്യൻ, കോട്ടയം പവർബ്രിഗേഡ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം മിനി ദാസ്, കടുത്തുരുത്തി എജുക്കേഷണൽ ഡിസ്ട്രിക്ട് കൺവീനർ ജ്യോതി ബി. നായർ എന്നിവർ പ്രസംഗിച്ചു.

കുറവിലങ്ങാട് പള്ളിയിൽ ഇന്ന് മേരി നാമധാരീ സംഗമം

കുറവിലങ്ങാട്: മേജർ ആർക്കിഎപ്പിസ്കോപ്പൽ മർത്തമറിയം അർക്കദിയാക്കോൻ തീർഥാടന കേന്ദ്രത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ പിറവിത്തിരുനാൾ ദിനമായ ഇന്ന് മേരിനാമധാരീ സംഗമം നടക്കും. മേരി, അമല, വിമല, നിർമല, മറിയം എന്നിങ്ങനെ പേരുള്ളവർ അമ്മയ്ക്കരികിൽ സംഗമിക്കും. ഇന്ന് 10ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകും. 12.05ന് മേരിനാമധാരീ സംഗമം. 12.30ന് ജപമാലപ്രദക്ഷിണം. എകെസിസി യൂണിറ്റിന്റെ നേതൃത്വത്തിൽ നോമ്പുവീടൽ സദ്യയും ക്രമീകരിച്ചിട്ടുണ്ട്.

സിഐടിയു ജില്ലാ സമ്മേളനം സമാപിച്ചു

റെജി സഖറിയ പ്രസിഡന്റ്, കെ.അനിൽകുമാർ സെക്രട്ടറി

റെജി സഖറിയ

കെ. അനിൽകുമാർ

ഏറ്റുമാനൂർ: സിഐടിയു ജില്ലാ പ്രസിഡന്റായി റെജി സഖറിയയെയും സെക്രട്ടറിയായി കെ. അനിൽകുമാറിനെയും തെരഞ്ഞെടുത്തു. കെ. രാജേഷാൺ ട്രഷറർ. വൈസ് പ്രസിഡന്റുമാരായി ലാലിച്ചൻ ജോർജ്, കെ.എൻ. വേണുഗോപാൽ, എസ്. വിനോദ്, സി.ജെ. ജോസഫ്, കെ.ബി. രമ, ഡി. സേതുലക്ഷ്മി, കെ. സി. ജോസഫ്, ഷാർലി മാത്യു, ഡി. ബൈജു, വീണ അജി, സുനിത ശ്രീകുമാർ, കെ.ജെ. അനിൽകുമാർ, ഇ.എസ്. സാബു, പി.എം. ജോസഫ്, കുര്യാക്കോസ് ജോസഫ്, പി.കെ. നസീർ എന്നിവരെയും ജോയിന്റ് സെക്രട്ടറിമാരായി വി.കെ. സുരേഷ്, കെ.കെ. ഹരിക്കുട്ടൻ, കെ.കെ. രമേശൻ, ജോയി ജോർജ്, കെ.ആർ. അജയ്, വി. ജയപ്രകാശ്, പി.വി. പ്രദീപ്, ടി.എസ്. രഞ്ജു, എം.വി. പ്രസാദ്, കെ. ആർ. മഞ്ജു മനോജ്, ശ്രീരേഖ എസ്. നായർ, കെ.എൻ. വിശ്വനാഥൻ, ടി.പി. അജികുമാർ, പി.എ. നിസാർ, സുനിൽ തോമസ്, മണിക്കുട്ടി പി. കുര്യാക്കോസ് എന്നിവരെയും 110 അംഗ ജില്ലാ കമ്മിറ്റിയെയും 290 അംഗ ജനറൽ കൗൺസിലിനെയും തെരഞ്ഞെടുത്തു. 34 സംസ്ഥാന സമ്മേളന പ്രതിനിധികളെയും സമ്മേളനം തെരഞ്ഞെടുത്തു. വേമ്പനാട്ടു കായൽ സംരക്ഷിക്കാൻ പോള, പായൽ വാരി ഉത്തവസ്ഥാനത്ത് വളമാക്കാൻ നടപടിയെടുക്കണമെന്നും കേന്ദ്ര, സംസ്ഥാന സർക്കാർ പദ്ധതി തയാറാക്കി പ്രശ്നം പരിഹരിക്കണമെന്നും ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

സ്ഥാനാർഥികളായി; ജില്ലാ പഞ്ചാ. തൃക്കൊടിത്താനം ഡിവിഷൻ തീപാറും പോരാട്ടത്തിലേക്ക്

ചങ്ങനാശേരി: ജില്ലാപഞ്ചായത്ത് തൃക്കൊടിത്താനം ഡിവിഷനിൽ യുഡിഎഫ്, എൽഡിഎഫ്, എൻഡിഎ സ്ഥാനാർഥികളായി. കേരള കോൺഗ്രസിലെ വിജയ് മാരേട്ട് -യുഡിഎഫ്, സിപിഎം അംഗം മഞ്ജു സുജിത് -എൽഡിഎഫ്, ബിജെപി അംഗം എ. മനോജ് -എൻഡിഎ എന്നിവരെയാണ് സ്ഥാനാർഥികളായി പ്രഖ്യാപിച്ചത്.

സ്ഥാനാർഥികളെ പ്രഖ്യാപിച്ചതോടെ വിവിധ മുന്നണികൾ തെരഞ്ഞെടുപ്പ് പ്രചാരണ യോഗങ്ങൾക്ക് തുടക്കം കുറിച്ചു. യുഡിഎഫ് പായിപ്പാട്, മാടപ്പള്ളി, തൃക്കൊടിത്താനം മണ്ഡലംതല പ്രഥമതെരഞ്ഞെടുപ്പ് യോഗങ്ങൾ നടന്നു. കഴിഞ്ഞദിവസം തൃക്കൊടിത്താനത്തു ചേർന്ന എൽഡിഎഫ് യോഗം സിപിഎം നേതാവ് വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. എൻഡിഎയുടെ തെരഞ്ഞെടുപ്പ്കൺവൻഷൻ ഇന്ന് വൈകുന്നേരം അഞ്ചിന് തൃക്കൊടിത്താനം ഹരിത ഓഡിറ്റോറിയത്തിൽ ചേരും.

വിജയ് മാരേട്ട് (യുഡിഎഫ്)

മഞ്ജു സുജിത്ത് (എൽഡിഎഫ്)

എ. മനോജ് (എൻഡിഎ)

മഞ്ജു സുജിത്ത് ഇന്ന് രാവിലെ 10.30ന് നാമനിർദേശ പത്രിക സമർപ്പിക്കും. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി പത്തും പത്രികയുടെ സൂക്ഷ്മ പരിശോധന 11-ഉം പത്രിക പിൻവലിക്കാനുള്ള തീയതി 14-ഉം ആണ്. 28ന് രാവിലെ ഏഴുമുതൽ വൈകുന്നേരം ആറുവരെയാണ് തെരഞ്ഞെടുപ്പ്. 29ന് ഫലം പ്രഖ്യാപിക്കും.

തൃക്കൊടിത്താനം, പായിപ്പാട്, മാടപ്പള്ളി, വാഴപ്പള്ളി പഞ്ചായത്തികളിലെ 47 വാർഡുകൾ ഉൾപ്പെട്ടതാണ് തൃക്കൊടിത്താനം ജില്ലാ ഡിവിഷൻ.

മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽനിന്നു ഹിസ്റ്ററിയിൽ ഡോക്ടറേറ്റ് നേടിയ ഡോ. ജിസ്മോൻ തോമസ്. മേലുകാവുമറ്റം നെല്ലൻകുഴിയിൽ എൻ.ജെ. തോമസിന്റെയും ത്രേസ്യാമ്മ തോമസിന്റെയും മകനാണ്. പെരുമ്പാവൂർ മാർത്തോമ്മ വനിതാ കോളജ് ചരിത്രവിഭാഗം അധ്യാപകനാണ്.

ഇന്ത്യൻ ബാങ്ക് Indian Bank
ഇലഹാബാദ് ALLAHABAD

ഇൻഡ്യൻ ബാങ്ക്

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാഷ്യൽ അസറ്റ്സ് & എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരം പണയപ്പെടുത്താത്തതും പണയപ്പെടുത്തിയതുമായ ജംഗമ വസ്തുക്കൾ ബാങ്കിന് കൈവശം വെയ്ക്കുന്നത് സംബന്ധിച്ച് (ബാങ്കിൽ പണയപ്പെടുത്താത്ത വസ്തുക്കളുടെ നീക്കംചെയ്യൽ)

സ്ഥലം: കോട്ടയം
തീയതി: 18.08.2026

From, ആർ ബിന്ദു, ചീഫ് മാനേജർ /അധികാരപ്പെട്ട ഉദ്യോഗസ്ഥ, ഇൻഡ്യൻ ബാങ്ക്, കോട്ടയം, ബെൻസ് ടവേഴ്സ്, കോട്ടയം - 686001

To, **M/s പികെസി സ്റ്റോർസ്**, തോട്ടശ്ശേരി ബിൽഡിംഗ്, കാവാലം ബസാർ, ചങ്ങനാശ്ശേരി, കോട്ടയം - 686101, **ശ്രീ. ബൈജു പി സി**, S/o പി കെ ചെല്ലപ്പൻ, പുത്തൻപറമ്പിൽ, റൂബി നഗർ, ചങ്ങനാശേരി, കോട്ടയം- 686103, പരേതനായ ശ്രീ ബിജു പി സി S/o പി കെ ചെല്ലപ്പൻ പ്രതിനിധീകരിച്ച് നിയമാനുസൃത അവകാശിയായ **ശ്രീ. ബൈജു പി സി** S/o പി കെ ചെല്ലപ്പൻ, പുത്തൻപറമ്പിൽ, റൂബി നഗർ, ചങ്ങനാശ്ശേരി, കോട്ടയം- 686103 മാദ്രസർ,

വിഷയം: **ഇൻഡ്യൻ ബാങ്ക്, ചങ്ങനാശ്ശേരി ശാഖയുമായുള്ള ലോൺ അക്കൗണ്ടുകളായ- OCC Tradewell Account (A/c No 6181678054) & Ind SME Covid Emergency Loan Account (A/c No. 6880990205) ഇടപാട് സംബന്ധിച്ച്**

M/s പികെസി സ്റ്റോർസ്, തോട്ടശ്ശേരി ബിൽഡിംഗ്, കാവാലം ബസാർ, ചങ്ങനാശ്ശേരി, കോട്ടയം- 686101 ബാങ്കിൽ നിന്നും പണയ കൈപ്പറ്റിയിട്ടുണ്ട്. വസ്തുക്കൾ പണയപ്പെടുത്തിയാണ് ടി വായ്പകൾ കൈപ്പറ്റിയിട്ടുള്ളത്. M/s പികെസി സ്റ്റോർസ് കുടിശ്ശിക തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ടി തുക തിരിച്ചടക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 26/12/2024 ൽ മുകളിൽ പറഞ്ഞ നിയമത്തിന്റെ സെക്ഷൻ 13(2) പ്രകാരം നോട്ടീസ് അയച്ചിട്ടുള്ളതാണ്. 60 ദിവസത്തിനകം ടി വായ്പാ തുക തിരിച്ചടച്ചില്ലെങ്കിൽ വസ്തു കൈവശപ്പെടുത്തൽ ഉൾപ്പെടെയുള്ള നടപടികൾ ബാങ്ക് സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുള്ളതാണ്.

M/s പികെസി സ്റ്റോർസ്, തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ, 29.01.2026ന് താഴെ പട്ടികയിൽ വിവരിച്ചിരിക്കുന്ന വസ്തു ബാങ്ക് കൈവശപ്പെടുത്തിയിട്ടുള്ളതാണ്.

കൈവശപ്പെടുത്തുമ്പോൾ, പട്ടിക വസ്തുവിൽനിന്ന് കണ്ടെത്തിയ ജംഗമ വസ്തുക്കളുടെയും/സാധനങ്ങളുടെയും/ഇനങ്ങളുടെയും ഇൻവെന്റി ബാങ്ക് എടുത്തിട്ടുണ്ട്.

ഇതിൽ ബാങ്കിൽ പണയപ്പെടുത്താത്ത വസ്തുക്കളെ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഒരു പകർപ്പ് എ.ഒ.യുടെ പക്കൽ ലഭ്യമാണ്. ബാങ്കിൽ പണയപ്പെടുത്താത്ത വസ്തുക്കൾ 7 ദിവസത്തിനുള്ളിൽ നീക്കം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്താൻ നിങ്ങളോട് ഇതിനാൽ അഭ്യർത്ഥിക്കുന്നു. അത്തരം വസ്തുക്കളുടെ നഷ്ടത്തിനോ മോഷണത്തിനോ ബാങ്ക് ഉത്തരവാദിയായിരിക്കില്ല. ടി വസ്തുക്കളുടെ ഇൻഷുറൻസ് പരിരക്ഷയോ മറ്റോ നൽകുന്നതിന് ബാങ്ക് ബാദ്ധ്യസ